## മുയൽ വളർത്തൽ

187 (1603) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മുയലുകളെ കൊല്ലുന്നത് വിലക്കി ഉത്തരവ് നിലനിൽക്കുന്നുണ്ടോ ; എങ്കിൽ ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) നിയമം പ്രാബല്യത്തിൽ വന്നതോടെ മുയൽ വളർത്തൽ നടത്തിവന്ന കർഷകരുടെ ആശങ്ക സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിൽ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ ?

### ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## വീട്ടുവളപ്പിൽ കോഴി വളർത്തൽ

188 (1604) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിധവകളായ വീട്ടമ്മമാർക്ക് വീട്ടുവളപ്പിൽ കോഴി വളർത്തുന്നതിന് സഹായം നൽകുന്നതിനായി കെപ്കോ മുഖേന നടപ്പിലാക്കുന്ന ആശ്രയ പദ്ധതി പ്രകാരം ഗുണഭോക്താവിന് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് ;

(ബി) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് പ്രസ്തുത പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത് ;

(സി) പദ്ധതി പ്രകാരം പ്രസ്തുത പഞ്ചായത്തുകളിലെ എത്ര വിധവകളായ വീട്ടമ്മമാർക്കാണ് പ്രയോജനം ലഭിക്കുന്നത് ;

(ഡി) പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ഇ) പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കെപ്കോ നടപ്പാക്കുന്ന ആശ്രയ പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും 10 പിടക്കോഴികൾ, 10 കിലോ തീറ്റ, 30 രൂപയുടെ മരുന്ന് എന്നിവ സൗജന്യമായി നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കോളയാട്, തില്ലങ്കേരി എന്നീ പഞ്ചായത്തുകളെ ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ രണ്ട് പഞ്ചായത്തുകളിലുംകൂടി വിധവാ പെൻഷൻ കൈപ്പറ്റുന്ന 947 വീട്ടമ്മമാർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

(ഡി) പ്രസ്തുത പദ്ധതി കോളയാട് പഞ്ചായത്തിൽ 25-4-2014-ൽ നടപ്പിലാക്കിക്കഴിഞ്ഞു. തില്ലങ്കേരി പഞ്ചായത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സൗകര്യപ്രദമായ തീയതി അറിയിക്കാൻ പഞ്ചായത്തധികൃതരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. തീയതി ലഭിക്കുന്ന മുറയ്ക്ക് ഈ പഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കുന്നതാണ്.

(ഇ) ഈ പദ്ധതി നടപ്പിലാക്കുന്നത് തൊട്ടടുത്തുള്ള മുഗാശുപത്രിയുടെ സഹകരണത്തോടുകൂടിയാണ്. ആകയാൽ ഇടർന്ന് വൈദ്യസഹായവും മരുന്നുകളും സാങ്കേതിക ഉപദേശങ്ങളും ലഭ്യമാക്കുന്നതിനുവേണ്ടി ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രസ്തുത മുഗാശുപത്രികളിലെ ഡോക്ടർമാർക്ക് കൈമാറുന്നതാണ്.

## സ്റ്റേഷനറി ഉല്പന്നങ്ങൾ

189 (1605) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മുഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആഫീസുകൾക്കാവശ്യമായി വരുന്ന സ്റ്റേഷനറി ഉല്പന്നങ്ങൾ വാങ്ങുന്നതിന് ശരാശരി ഒരു വർഷം എത്ര കോടി രൂപ ചെലവ് വരുന്നുണ്ട് ; വിശദമാക്കാമോ ;

(ബി) ഇവ വാങ്ങുന്നതിന് ഇപ്പോൾ അനുവർത്തിക്കുന്ന നടപടികൾ സുതാര്യവും കുറ്റമറ്റതുമാണെന്ന് ഉറപ്പുണ്ടോ ;

(സി) ക്വാളിറ്റി, അളവ്, കുറഞ്ഞ നിരക്ക് ഇവ ഉറപ്പാക്കുന്നതിനും സ്റ്റേഷനറി സാധനങ്ങൾ ആവശ്യത്തിലധികം വാങ്ങി ദുർവിനിയോഗം നടത്തുന്നത് തടയാനും നിലവിൽ ഏതെങ്കിലും സംവിധാനമുണ്ടോ ; ഇവ ഫലപ്രദമാണോ ;

(ഡി) സ്റ്റേഷനറി അധികൃതരിൽ ചിലരും സപ്ലൈ ചെയ്യുന്ന സ്ഥാപനങ്ങളും തമ്മിലുള്ള നിയമവിധേയമല്ലാത്ത ഇടപാടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നതായി അറിയാമോ ; ഈക്കാര്യത്തിന് വിശ്വാസമായ എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഇ) ഈ രംഗത്ത് കൃത്രിമം കാണിച്ച ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly